ജീവിതവിജയം

# നിങ്ങൾ ശരിയായ കരങ്ങളിൽ



**വയോജനകേന്ദ്രങ്ങളിൽ നമ്മുടെ വീടിനെക്കാൾ സ്വാതന്ത്ര്യവും ആശ്വാസവും അവർക്കുണ്ടാകണം. നമ്മുടെ മാതാപിതാക്കൾ ഒരിക്കലും നരകിച്ചു ജീവിതത്തെ തള്ളിനീക്കരുതെന്നു പറയുന്ന രേണുവിന്റെ ആദർശമാണ് ഏതൊരു മാതാപിതാക്കളുടെയും മനഃശാന്തി.**

വാർധക്യാവസ്ഥയിൽ വസ്തുവകകൾ എഴുതിവാങ്ങി മാതാപിതാക്കളെ അവഗണിക്കുകയും വൃദ്ധസദനങ്ങളിലാക്കി ഉത്തരവാദിത്വങ്ങളിൽ നിന്നു സൗകര്യപൂർവം ഓടിയൊളിക്കു കയും ചെയ്യുന്ന മക്കളുടെ കഥകൾ കേട്ടു തഴമ്പിച്ച നമ്മൾ തീർച്ചയായും ഡോ. രേണു ഏബ്രാഹം വർഗീസിനെ അറിയണം. ഇന്ത്യയിലെ വാർധക്യപരിപാലന കേന്ദ്രങ്ങൾക്ക് വിദേശ മാതൃക യിൽ ഗുണനിലവാര സൂചിക വേണമെന്നു വാദിക്കുകയും അതിനായി ജീവിതം മാറ്റിവയ്ക്കുകയും ചെയ്ത വനിതാരത്നം കൂടിയാണ് ഡോ. രേണുഎബ്രാഹം വർഗീസ്.

അക്രഡിറ്റേഷൻ ഇല്ലാതെ ഒരു വയോജനകേന്ദ്രം പോലും ഇന്ത്യയിൽ പ്രവർത്തിക്കാൻ പാടില്ലെന്ന നിശ്ചയദാർഢ്യമാണ് ഇത്തരമൊരു നേട്ടത്തിനു കാരണമായത്. അപ്പനും അമ്മയും നമ്മുടെ കൂടെ വീട്ടിൽ കഴിയണം. ഇത്തരമൊരു സാഹചര്യം ഇല്ലാത്ത അവസ്ഥ വന്നാൽ മറ്റൊരു ചോയ്സായി മാത്രമേ വയോജനകേന്ദ്രങ്ങളെ

ആശ്രയിക്കാവൂ. അവിടെ നമ്മുടെ വീടിനെക്കാൾ സ്വാതന്ത്ര്യവും ആശ്വാസവും അവർക്കുണ്ടാകണം. നമ്മുടെ മാതാപിതാക്കൾ ഒരിക്കലും നരകിച്ചു ജീവിതത്തെ തള്ളിനീക്കരുതെന്നു പറയുന്ന രേണുവിന്റെ ആദർശമാണ് ഏതൊരു മാതാപിതാക്കളുടെയും മനഃശാന്തി.

39 വർഷമായി ന്യൂയോർക്കിൽ കുടുംബസമേതം താമസിക്കുന്നുവെങ്കിലും കേരളത്തിൽ ഇവരുടെ അറിവും കഴിവും വയോജനങ്ങൾക്കു പ്രയോജനപ്പെടുന്നു. ആരും അറിയാതെ ഇവർ ഇതെല്ലാം ചെയ്യുന്നുവെന്നതാണ് പ്രധാന്യം അർഹിക്കുന്നത്. ഇന്ത്യയിൽ തന്നെ വയോജന കേന്ദ്രങ്ങളുടെ മട്ടുംഭാവവും ഇവർ മാറ്റുകയാണ്. പണം സമ്പാദിക്കാനുള്ള മാർഗമായിട്ടല്ല ഇവർ വയോജന കേന്ദ്രങ്ങളെ കാണുന്നത്. നമ്മുടെ വീടിനെക്കാൾ മാതാപിതാക്കൾക്ക് താമസിക്കാൻ കഴിയുന്ന ഒരു വീട്. മാതാപിതാക്കളെ, വയോജനങ്ങളെ സ്വന്തം മാതാപിതാക്കളെപ്പോലെ നോക്കി കാണുകയും പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനത്തിന്റെ ചെയർപേഴ്സണാണ് ഡോ.രേണു. കറുകച്ചാൽ ട്രാവൻകൂർ ഫൗണ്ടേഷന്റെ ചെയർപേഴ്സൺ. ഡോ. രേണു ഏബ്രാഹം വർഗീസിനെ പരിചയപ്പെടാം...

### *? വയോജനകേന്ദ്രങ്ങൾ സൗഹൃദപരമാണോ*

1985 കാലഘട്ടത്തിലാണ് ന്യൂയോർക്കിൽ വയോജനങ്ങൾക്കായി ഒരു കേന്ദ്രം കാണുന്നത്. അന്ന് അവിടെ നിന്നു ലഭിച്ചതും ഇന്ത്യയിൽ നമ്മൾ കേട്ടറിവില്ലാത്തതുമായ ഒരു വിഷയമായിരുന്നു വയോജനങ്ങളെ താമസിപ്പിക്കുന്ന കേന്ദ്രങ്ങൾ. നമ്മുടെ നാട്ടിൽ ഇത്തരം ഭവനങ്ങളെക്കുറിച്ചു ചിന്തിക്കാൻ പോലും കഴിയാത്ത സമയം. അവിടെ കയറിയിറങ്ങി അവരൊടൊപ്പം നിന്നപ്പോഴാണ് ഭാവിയിൽ നമ്മുടെ മാതാപിതാക്കൾ ഇത്തരമൊരു സാഹചര്യത്തിലേക്കു മാറ്റപ്പെടുമെന്ന ചിന്ത ഉടലെടുത്തത്. ഇതു പോരാ എന്ന ചിന്ത. പലരെയും ആശ്രയിച്ചു ജീവിച്ചു പോകുന്നു. ഇത്തരമൊരു അനുഭവമല്ല നമ്മുടെ മാതാപിതാക്കൾക്കു വേണ്ടത്. ഈ വിഷയത്തിൽ അപൂർവമായി മാത്രം ചില യൂണിവേഴ്സിറ്റികളിൽ കാണുന്ന പഠനത്തിലേക്കു കടന്നു. അതിൽ മാസ്റ്റർ ഡിഗ്രി എടുക്കാൻ തീരുമാനിച്ചു. 1997ൽ മാസ്റ്റർ ഡിഗ്രി ലഭിച്ചു. കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ടു കൊടൈക്കനാലിൽ വന്നപ്പോഴാണ് മധുരയിൽ ഇത്തരമൊരു കേന്ദ്രമുണ്ടെ ന്ന് അറിയുന്നത്. സ്വയം ഡ്രൈവ് ചെയ്തു മധുരയിലെ ഓൾഡ് ഏജ് കേന്ദ്രത്തിലെത്തി. പ്രായം കടന്നു പോകുംതോറും ഓരോരുത്തർക്കും ഓരോ പ്രശ്നങ്ങളുണ്ട്. അവരെ അറിയണം. അവരിലേക്ക് ഇറങ്ങിവന്നുള്ള ഒരു പഠനം ഉണ്ടാകണം. അതിലൂടെ അവരെ പരിചരിക്കണം. ഇന്ത്യയിൽ ഏതാനും സ്ഥാപനങ്ങളിൽ മാത്രമേ ഇങ്ങനെ കാണൂ. അമേരിക്കയിലെയും ഇന്ത്യയിലെയും ഞാൻ കണ്ട വയോജന കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള ഒരു പഠനം നടത്താൻ ഡോ. യമുനയും ഡോ. രാമമൂർത്തിയും ഗൈഡ് ചെയ്തു. അങ്ങനെ പിഎച്ച്ഡി ചെയ്തു. 2015ൽ ഫുൾബ്രൈറ്റ് സ്കോളർഷിപ്പും ലഭിച്ചു. നമ്മുടെ രാജ്യത്തുള്ള വയോജനകേന്ദ്രങ്ങളിൽ ഭൂരിപക്ഷവും വയോജന സൗഹാർദപരമാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഓരോരുത്തർക്കും വ്യത്യസ്തമായ സാഹചര്യങ്ങളാണു നിലവിലുള്ളത്. ഇവരെ പരിചരിക്കാൻ പ്രത്യേക സിലബസ് തന്നെ വേണം. തിയറി പഠിച്ചിട്ടു കാര്യമില്ല, പരിശീലനം വേണം.

## ട്രാവൻകൂർ ഫൗണ്ടേഷന്റെ പിറവി

കേന്ദ്രീകൃത ഗുണനിലവാര പരിപാലനത്തിലൂടെ നമ്മുടെ സമൂഹത്തിലെ മുതിർന്നവർക്കു മാന്യവും ആരോഗ്യകരവും സുരക്ഷിതവുമായ ജീവിതം നൽകാനുള്ള ഒരു കാഴ്ചപ്പാടോടെ 2009 സെപ്റ്റംബർ 17 ന് ട്രാവൻകൂർ ഫൗണ്ടേഷൻ രൂപീകരിച്ചു. ഇന്ന് ഇന്ത്യയിൽ അക്രഡിറ്റേഷനുള്ള ചുരുക്കം കേന്ദ്രങ്ങളിൽ ഒരു പ്രധാന കേന്ദ്രം ഇതാണ്. 2018 ലാണ് ഇതിന്റെ ചെയർപേഴ്സണായി ചുമതലയേൽക്കുന്നത്. മൂന്നേക്കർ സ്ഥലത്ത് ഉയർന്നു നിൽക്കുന്ന സ്നേഹഭവനം. 70 പേർക്കു 140 ജീവനക്കാർ. ഒരാളെ ഈ ഭവനത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പുതന്നെ പഠനം ആരംഭിക്കും. അവരുടെ വീടുകളിലെത്തി പഠനം നടത്തി അവ





രെ അറിയും. അവരുടെ അഭിരുചികൾ, അവരുടെ കുടുംബപശ്ചാത്തലം, രോഗങ്ങൾ, സ്വഭാവം തുടങ്ങി ഇവരുടെ വ്യക്തിപരമായ ഒരു പ്ലാൻ തയാറാക്കുന്നു. ഇവർ ഇവിടെ വന്നാലും ഇതേ പഠനറിപ്പോർട്ടു വച്ചാണ് പരിപാലിക്കുന്നത്. ഭക്ഷണത്തിൽ പോലും മാറ്റം ഉണ്ടാകും. വീൽ ചെയറിൽ എത്തുന്നവരെ സ്വന്തമായി നടക്കാൻ പര്യാപ്തമാക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

വാർധക്യത്തിലുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പലരെയും അലട്ടുന്നു. അതു കൈകാര്യം ചെയ്യാൻ അവർ ബാഹ്യ സഹായം തേടും. അവരുടെ ആവശ്യകതയ്ക്ക് ഹോം കെയർ, ഡേ കെയർ അല്ലെങ്കിൽ സ്ഥാപന പരിചരണം ആകാം. ഇവിടെയും അത് സാമൂഹിക പ്രവർത്തകനോ ഫിസിയോതെറാപ്പിസ്റ്റോ, ഡയറ്റീഷനോ. യോഗ്യതയുള്ള ഒരു നഴ്സോ അല്ലെങ്കിൽ ഒരു സഹായിയോ ആകാം. ഒരു കൗൺസലറോ സൈക്യാട്രിസ്റ്റോ നല്ല ജനറൽ ഫിസിഷ്യനോ ആകാം.

ട്രാവൻകൂർ ഫൗണ്ടേഷനിൽ, സീനിയർ കെയർ സേവന ങ്ങളെക്കുറിച്ച് ഞങ്ങൾക്ക് സമഗ്രമായ കാഴ്ചപ്പാടുണ്ട്. മുതിർന്ന വ്യക്തിയുടെ എല്ലാ പരിചരണ ആവശ്യങ്ങളും ഏറ്റവും അനുയോജ്യമായ രീതിയിൽ വിജയകരമായി പരിഹരിക്കാൻ ഞങ്ങൾ നിരന്തരം പരിശ്രമിക്കുന്നു. പ്രായപൂർത്തിയായവരുടെ പ്രാഥമിക പരിചരണം മുതൽ ഉയർന്ന പരിചരണ ആവശ്യകത കൾ വരെ ഇതിൽപ്പെടും. ആജീവനാന്ത പരിചരണം നൽകു ന്നതിലൂടെ ഫൗണ്ടേഷൻ അതിന്റെ പ്രത്യേകതയിൽ വേറിട്ടു നിൽക്കുന്നു. ഈ നിരന്തരമായ ആവശ്യം ട്രാവൻകൂർ ഫൗണ്ടേഷന് അതിന്റെ കാമ്പസിൽ വാർധക്യത്തെക്കുറിച്ചുള്ള ഒരു സമ്പൂർണ ഫ്ലെഡ്ജ്, എജ്യുക്കേഷൻ ആൻഡ് റിസർച്ച് സെന്റർ സ്ഥാപിക്കാൻ ആവശ്യമായി വന്നു.

ആധുനിക ലോകത്തിന്റെ ചലനാത്മക വൃദ്ധ പരിചരണ ആവശ്യങ്ങൾ വികസിപ്പിക്കുകയും നിറവേറ്റുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ ചുമതല. സാമൂഹികവും കുടുംബ മൂല്യങ്ങളും മാറുകയും ഒത്തുചേരുകയും ചെയ്യുമ്പോൾ ആഗോള ശക്തികൾ നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്നു. മാറ്റത്തെ ഉൾക്കൊള്ളാനുള്ള അവസരവും അതോടൊപ്പം നമ്മുടെ പരമ്പരാഗത കുടുംബ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനുള്ള അനിവാര്യതയും നമുക്കുണ്ട്. അഡൾട്ട് ഡേ കെയർ, ഹോം കെയർ, പാലിയേറ്റീവ് കെയർ, ഹ്രസ്വകാല പുനരധിവാസം (പോസ്റ്റ്-അക്യൂട്ട് കെയർ) എന്നിവയിലേക്ക് ഞങ്ങളുടെ സേവനങ്ങൾ വ്യാപിപ്പിക്കുമ്പോൾ ഞങ്ങൾ നേട്ടങ്ങൾ ശേഖരിക്കുന്നത് തുടരുമെന്ന് എനിക്ക് ഉറപ്പുണ്ട്.

## പഠനം വേണം

ഡോ. രേണുവിന്റെ അടുത്ത പോരാട്ടം ആരംഭിക്കുകയാണ്. എല്ലാ സർവകലാശാലകളിലും വാർധക്യശാസ്ത്രപഠനം കൊണ്ടുവരണമെന്ന ആഗ്രഹമാണ് രേണുവിനുള്ളത്. ഭാരതീയർ യൂണിവേഴ്സിറ്റിയുമായി ചേർന്നു ട്രാൻവൻകൂർ ഫൗണ്ടേഷൻ അതിന്റെ ചുവടുവയ്പുകൾ ആരംഭിച്ചു കഴിഞ്ഞു. കുട്ടിക്കാനം മരിയൻ കോളജുമായി ചേർന്നു പിജിഡിജിസിഎം ( പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജെ

റിട്രിക് കെയർ ആൻഡ് മാനേജ്മെന്റ്) തുടങ്ങിയതും മറ്റൊരു നേട്ടമാണ്. തിയറികളല്ല, പരിശീലനമാണ് നമുക്ക് വേണ്ടത്. ഇതിനു വേണ്ട സിലബസ് പോലും തയാറാക്കിയതു ഡോ. രേണുവാണ്. ഇപ്പോഴും ന്യൂയോർക്കിലെ മേഴ്സി കോളജിൽ അസി. പ്രഫസറായി സേവനം ചെയ്യുന്ന ഡോ. രേണുവിന്റെ പഠനങ്ങൾ ലക്ഷ്യം വയ്ക്കുന്നതുവയോജനങ്ങളുടെ സംരക്ഷണം മാത്രമാണ്.

## പുതിയ പ്രോജക്ട്

ട്രാവൻകൂർ ഫൗണ്ടേഷനിൽ പുതിയ ആളുകളെ സ്വീകരിക്കാൻ നിർവാഹമില്ല. ഇപ്പോഴും ആളുകൾ വന്നുകൊണ്ടിരിക്കുന്നു. ഒരാൾ താമസിക്കാൻ വരുമ്പോൾ അവരുടെ ബന്ധുക്കൾ ഉൾപ്പെടെ വന്നുതാമസിച്ചു അറിഞ്ഞശേഷം ഏറ്റെടുക്കുന്ന രീതിയുണ്ട്. മോനിപ്പള്ളിയിൽ ഗ്രാമിക, പത്തനംതിട്ട, കോലഞ്ചേരി തുടങ്ങിയ പ്രോജക്ടും ട്രാവൻകൂർ ഫൗണ്ടേഷന്റെ വളർച്ചയുടെ ഭാഗമാണ്.



## ദൗത്യം

സമർപ്പിതവും അനുകമ്പയുള്ളതുമായ ഒരു ടീം ഉള്ളതാണ് ഞങ്ങളുടെ വിജയം. ജീവനക്കാരെ തെരഞ്ഞെടുക്കുമ്പോൾ എല്ലാ മാനദണ്ഡവും നോക്കും. കാരണം ഓരോ ജീവിതവും വിലപ്പെട്ടതും വ്യത്യസ്തവുമാണ്. പരിചരണം ആളെ നോക്കി വേണം. ഓരോരുത്തർക്കും ഓരോ ഇഷ്ടങ്ങളാണ്. ഇവിടെ ക്ഷമയും ആവശ്യമാണ്. സ്വന്തം മാതാപിതാക്കളെ മുന്നിൽ കണ്ടുള്ള പരിചരണം നൽകാൻ തയാറാകുന്നവരെ മാത്രമേ ഇവിടെ നിയോഗിക്കാറുള്ളൂ. ഞങ്ങളുടെ എംഡിയും സിഇഒയുമായ ജിജി ഫിലിപ്പിന്റെ കഴിവാണ് ഞങ്ങളുടെ വിജയം. ഈ രംഗത്തു 35 വർഷത്തെ പരിചയമുള്ള അദ്ദേഹം താമസിക്കുന്നതും ഈ ഭവനത്തിലാണ്.

## ഡോ. രേണു ഏബ്രാഹം വർഗീസ്

ഡോ. രേണു ഏബ്രാഹം വർഗീസ് എംഎസ് (ക്ലിനിക്കൽ സ്പെഷാലിറ്റി ഇൻ ഏജിംഗ്), എംഫിൽ( ഗൈഡൻസ് ആൻഡ് കൗൺസലിംഗ് ഇൻ ജെറോന്റോളജി), പിഎച്ച്ഡി (ജെറോന്റോളജി), ന്യൂയോർക്കിലെ മേഴ്സി കോളജിലെ സ്കൂൾ ഓഫ് ഹെൽത്ത് ആൻഡ് നാച്യുറൽ സയൻസിലെ അധ്യാപക ഫാക്കൽറ്റി. വയോജനമേഖലയിൽ ക്ലിനിക്കൽ അധ്യാപിക, കൺസൾട്ടന്റ് എന്നീ നിലകളിൽ മുപ്പത് വർഷത്തിലേറെ പരിചയം. വിദ്യാഭ്യാസ -ഗവേഷണ വിഭാഗമായ ടിഎഫ്ഇആർസിഎ (ഏജിംഗ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് സെന്റർ) സ്ഥാപക ഡയറക്ടർ, ക്രോസ് കൾച്ചറൽ റിസർച്ച് (സിസിആർ) ഉപദേശക സമിതി അംഗം, സെന്റർ ഫോർ റിസർച്ച് ഓൺ ഏജിംഗ്, എസ്വി യൂണിവേഴ്സിറ്റി തിരുപ്പതി, അൽഷിമേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യ എന്നിവയുടെ ആജീവനാന്ത അംഗം, ആരോഗ്യ സൈക്കോളജിസ്റ്റുകളുടെ അസോസിയേഷൻ അംഗം, ഇന്ത്യ പ്രോഗ്രാം ആൻഡ് സർവീസസ് കമ്മിറ്റി, അൽഷിമേഴ്സ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക്, ഹഡ്സൺ വാലി ചാപ്റ്റർ എന്നിവിടങ്ങളിലും സേവനം ചെയ്യുന്നു. ഡോ. രേണു വിസിറ്റിംഗ് പ്രഫസറായും വിവിധ ഇന്ത്യൻ, അമേരിക്കൻ സർവകലാശാലകളിലെ ഡോക്ടറൽ കാൻഡിഡേറ്റുകൾക്കുള്ള അഡ്യൂക്കേറ്ററായും സേവനമനുഷ്ഠിക്കുന്നു.

എഎസ്എൽഐ (അസോസിയേഷൻ ഓഫ് സീനിയർ ലിവിംഗ് ഇന്ത്യ) യുടെ അംഗീകൃത സ്ഥാപനമായ സ്റ്റാൻഡേർഡ് വൈസ് ഇന്റർനാഷണൽ ഇന്ത്യയുടെ അംഗീകാരം നേടിയ ഇന്ത്യയിലെ ആദ്യത്തെ പരിചരണ കേന്ദ്രമാണ് ട്രാവൻകൂർ ഫൗണ്ടേഷൻ. എംജി സർവകലാശാല, ഭാരതിയാർ യൂണിവേഴ് സിറ്റി എന്നിവയുമായി ധാരണാപത്രവും ജെറിയാട്രിക് കെയർ മാനേജ്മെന്റിൽ പിജി ഡിപ്ലോമ കോഴ്സുകളും പ്രവർത്തിക്കുന്നു. ജെറിയാട്രിക് സ്കോളേഴ്സ് പ്രോഗ്രാമിൽ പങ്കെടുക്കാൻ യുഎസിൽ തെരഞ്ഞെടുത്ത പന്ത്രണ്ട് പണ്ഡിതരിൽ ഒരാളായിരുന്നു ഡോ. രേണു വർഗീസ്. ഇന്ത്യയിലെ സീനിയർ കെയർ സെന്ററുകളിലും യുഎസ്എയിലെ ദീർഘകാല പരിചരണ കേന്ദ്രങ്ങളിലും താമസിക്കുന്ന മുതിർന്നവരുടെ ഒരു ക്രോസ് കൾച്ചറൽ താരതമ്യ പഠനമായിരുന്നു രേണുവിന്റെ ഡോക്ടറേറ്റ് വിഷയം. വികസ്വര, വികസിത രാജ്യങ്ങളിലെ സീനിയർ കെയർ സെന്ററുകളിൽ താമസിക്കുന്ന മുതിർന്നവരുടെ ആദ്യ താരതമ്യ പഠനമായിരുന്നു ഇത്. ഈ അതുല്യമായ പഠനത്തിന്റെ കണ്ടെത്തലുകൾ ഇന്ത്യ, വിയന്ന, സിംഗപ്പൂർ, യുഎസ് എന്നിവിടങ്ങളിലെ നിരവധി കോൺഫറൻസുകളിൽ അവതരിപ്പിക്കാനും രേണുവിനു സാധിച്ചു.

**ജോൺസൺ വേങ്ങത്തടം**
ഫോട്ടോ: ജോൺ മാത്യു